പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.652 — 13.06.2012-ൽ മറുപടിയ്ക്ക്

## ഡോക്ടർ പദവിയുടെ ദുരുപയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | കേരളത്തിൽ ഫിസിയോതെറാപ്പി, ഓപ്റ്റോമെട്രി എന്നിവ പാസ്സായവർക്ക് 'ഡോക്ടർ' എന്ന് ബോർഡു വച്ച് സ്വതന്ത്രമായി പ്രാക്ടീസ് ചെയ്യുവാൻ അനുവാദം നൽകിയിട്ടുണ്ടോ ; ഈ നടപടി നിയമാനുസൃതമാണോ ; | എ) | ഇല്ല. അപ്രകാരം ചെയ്യുന്നത് നിയമാനുസൃതവുമല്ല. |
| ബി) | 'ഡോക്ടർ' എന്ന പേര് ഉപയോഗിക്കുവാൻ അനുവാദമുള്ളവരുടെ യോഗ്യതകൾ എന്തായിരിക്കണമെന്ന് വ്യക്തമാക്കുമോ ; | ബി) | ബാച്ചിലർ ഓഫ് മെഡിസിൻ ആന്റ് ബാച്ചിലർ ഓഫ് സർജറി (എം.ബി.ബി.എസ്), ബാച്ചിലർ ഓഫ് ഡെന്റൽ സർജറി (ബി.ഡി.എസ്), ബാച്ചിലർ ഓഫ് ആയുർവേദിക് മെഡിസിൻ ആന്റ് സർജറി (ബി.എ.എം.എസ്), ബാച്ചിലർ ഓഫ് സിദ്ധാ മെഡിസിൻ ആന്റ് സർജറി (ബി.എസ്.എം.എസ്), ബാച്ചിലർ ഓഫ് ഹോമിയോപതിക് മെഡിസിൻ ആന്റ് സർജറി (ബി.എച്ച്.എം.എസ്) എന്നിവയിൽ ഒന്നിൽ ബിരുദവും ട്രാവൻകൂർ-കൊച്ചി മെഡിക്കൽ കൗൺസിലിൽ രജിസ്ട്രേഷനും ഉള്ളവർക്ക് ഡോക്ടർ എന്ന പേര് ഉപയോഗിക്കാം. |
| സി) | ഇന്ത്യൻ മെഡിക്കൽ കൗൺസിൽ, തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ കൗൺസിൽ എന്നിവകൾക്ക് സമാന്തരമായി ചില കൗൺസിലുകൾ രൂപീകരിച്ച് ഇതര ബിരുദ ഡിപ്ളോമധാരികൾ പ്രവർത്തിക്കുന്നതായി അറിവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം കൗൺസിലുകളുടെ നിയമ സാധുത സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ ? | സി) | ഇന്ത്യൻ മെഡിക്കൽ കൗൺസിൽ, ട്രാവൻകൂർ-കൊച്ചി മെഡിക്കൽ കൗൺസിൽ എന്നിവയ്ക്ക് പുറമെ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യൻ, ദന്തൽ കൗൺസിൽ, ഫാർമസി കൗൺസിൽ, നേഴ്സിംഗ് കൗൺസിൽ എന്നിവയുണ്ട്. ഇവ അല്ലാതെ മറ്റ് കൗൺസിലുകൾ പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ